# യാത്രക്കാരുടെ ശ്രദ്ധക്ക്!

നന്ദൻ




കേരളത്തിലെ സാമാന്യം സിനിമാ പ്രേക്ഷകർ എന്നും പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒരു ജോടിയാണ് സത്യൻ അന്തിക്കാട്-ശ്രീനിവാസൻ ടീമിന്റെ ഏറ്റവും പുതിയ ചിത്രം 'യാത്രക്കാരുടെ ശ്രദ്ധക്ക്' പല നിലകളിലും ഒരു സാധാരണ മലയാള ചിത്രം തന്നെയായിരുന്നു. പകുതി സമയം വരെ ഒരു വിധം നന്നായി കൊണ്ടുവന്നിരുന്ന ഒരു വിഷയത്തെ, ക്ലൈമാക്സിലെത്തിക്കാൻ സ്ഥിരം ചർവ്വിത-ചർവ്വണരീതി തന്നെ ഉപയോഗിക്കുക എന്നതുതന്നെയാണ് ഇതിലും പ്രയോഗിച്ചിരിക്കുന്നത്. ഇത്, നായിക-നായക സമാഗമത്തിലൂടെയല്ലാതെ സിനിമക്ക് ഒരു പര്യവസാനമില്ലേ എന്ന് പ്രേക്ഷകനെ തീർച്ചയായും ചിന്തിപ്പിക്കുന്ന രീതിയിലുള്ള ഒരു ചിത്രമാണ്. ക്ലൈമാക്സിലെത്തിക്കാൻ ഉപയോഗിച്ചിരിക്കുന്ന രീതികൾ തീരെ പുതുമയില്ലാത്തതും മലയാളമടക്കം പല ഭാഷാ ചിത്രങ്ങളിലും കണ്ടുമടുത്തതുമായ ക്ലീഷേ രീതികൾ തന്നെ. എൺപതുകളിലെ മലയാള ചിത്രങ്ങളിലെ മമ്മൂട്ടി, തമിഴ് സിനിമയിലെ മോഹൻ ചിത്രങ്ങളെ ഈ സിനിമ അനുസ്മരിപ്പിക്കുന്നതിൽ തെറ്റുപറയാനില്ല.

ഒരു ട്രെയിനിൽ കള്ളടിക്കറ്റിൽ ഭാര്യാ-ഭർത്താവായി യാത്രചെയ്യേണ്ടിവരുന്ന രണ്ട് പേർ മദ്രാസിലെത്തുന്നതും, വീണ്ടും കണ്ടുമുട്ടുകയും ഭാര്യാ-ഭർത്താവ് എന്ന നിലയിൽ തന്നെ അവിടെയും തുടരാൻ സാഹചര്യങ്ങൾ അവരെ നിർബ്ബന്ധിതരാക്കുകയും ചെയ്യുന്നു. നായിക ജ്യോതി മോഹൻ (സൗന്ദര്യ) അവരുടെ കല്യാണം നിശ്ചയിക്കാൻ പോയപ്പോൾ മാത്രമാണ് നായകനായ റാം എന്ന രാമാനുജന് (ജയറാം) അവളോട് തനിക്കുണ്ടായിരുന്ന വൺ-വെ പ്രേമം ബോധ്യമാകുന്നത്. തുടർന്ന് കല്യാണവീട്ടിൽ നടക്കുന്ന സംഭവങ്ങളുടെ നാടകീയമായ പരിണാമത്തിൽ വരന്റെ (സിദ്ദിഖ്) കുടുംബക്കാർ കല്യാണത്തിൽ നിന്ന് പിന്മാറുന്നു. ജ്യോതിയുടെ അച്ഛന് (നെടുമുടി വേണു) ഹൃദയാഘാതമുണ്ടാവുകയും, മാനം രക്ഷിക്കാൻ റാമിനെക്കൊണ്ട് മകളെ വിവാഹം കഴിപ്പിക്കുകയും ചെയ്യുന്നു. അച്ഛന്റെ ഈ അവസ്ഥക്ക് കാരണം റാമാണെന്ന് വിശ്വസിക്കുന്ന ജ്യോതി റാമിനെ വെറുക്കുന്നു. പിന്നെ ചിത്രത്തിൽ വരുന്നത് സ്ഥിരം ഫോർമുലകളാണ്. ജ്യോതിയെ ഇണക്കാൻ റാം നടത്തുന്ന സ്ഥിരം നമ്പറുകൾ, തുടർന്ന് റാമിന്റെ അമ്മയുടെ മരണം, അവസാനം ജ്യോതിയുടെ ആത്മഹത്യാശ്രമം, അവരുടെ ഒന്നിക്കൽ ഇങ്ങനെ പോകുന്നു സിനിമ.



ഇതിൽ പകുതി സമയത്തിനുശേഷം വരുന്ന ക്ലീഷേ ഭാഗങ്ങളിൽ നിന്നും പ്രേക്ഷകന് മനസ്സിലാക്കാവുന്ന ഒരു കാര്യം സ്ത്രീക്കും പുരുഷനും നല്ല സുഹൃത്തുക്കളായി ജീവിക്കാൻ കഴിയില്ല എന്നതു തന്നെയാണ്. ഒന്നാകിൽ പുരുഷൻ സ്ത്രീയെ (ഈ സിനിമയുടെ കേസിൽ- അധികവും ഈ രീതിയിൽ തന്നെയാണ് വരുന്നത് കാരണം അപ്പോൾ മാത്രമാണല്ലോ സ്ത്രീ താൽപര്യങ്ങൾക്ക് വിലകൽപ്പിക്കാൻ പറ്റാതെ പോകുന്നത്.) അല്ലെങ്കിൽ മറിച്ച് പ്രേമിക്കുന്നു. അവസാനം അവർ പരസ്പരസ്നേഹമില്ലാതെ തന്നെ ഒന്നാവുകയും ചെയ്യുന്നു. ഇങ്ങിനെ അവർക്കിടയിൽ പരസ്പരസ്നേഹമുണ്ടാക്കിയെടുക്കാനുള്ള തത്രപ്പാടിലേക്ക് സംവിധായകരും തിരക്കഥാകൃത്തുക്കളും ചുവട് മാറ്റുന്നു. മരച്ചക്ക് പോലെ നിന്ന സ്ഥലത്ത് നിന്ന് തന്നെ വട്ടം കറങ്ങുകയല്ലാതെ വ്യത്യസ്തമായ പാതകൾ തുറക്കാനോ ആശയങ്ങൾ നിരത്താനോ നമ്മുടെ സംവിധായകർ മുതിരുന്നില്ല, അല്ലെങ്കിൽ സിനിമയുടെ വിജയമോർത്ത് അങ്ങിനെ ചെയ്യാൻ ഇഷ്ടപ്പെടുന്നില്ല. ഈ കാര്യം 'യാത്രക്കാരുടെ ശ്രദ്ധക്ക്' എന്ന ചിത്രം കണ്ടുകഴിയുമ്പോഴേക്കും സാധാരണക്കാരനായ ഒരു പ്രേക്ഷകന് അനുഭവപ്പെടുന്നതാണ്.

നാട്ടിൽ നിന്നും ദൂരസ്ഥലത്ത് ജോലി ചെയ്ത് താമസിക്കുന്ന ഒരു ശരാശരി മലയാളി, അതുപോലെ തന്നെയുള്ള കുറച്ച് മോഡേൺ ആയ ഒരു സ്ത്രീ - ഇവരെ അവതിരിപ്പിക്കുന്നതിൽ ജയറാം, സൗന്ദര്യ എന്നിവർ വളരെ നന്നായിരുന്നു. അതുപോലെ ശ്രീനിവാസൻ അവതരിപ്പിക്കുന്ന കഥാപാത്രവും തമാശകളും നമ്മുടെയിടയിലുള്ള അത്തരം ധാരാളം മനുഷ്യരെ ഓർമ്മിപ്പിക്കാൻ ഉതകുന്ന രീതിയിലുള്ള ഒന്നായിരുന്നു. യുക്തിവാദത്തിലും, നിരീശ്വരവാദത്തിലും കഴമ്പില്ലെന്ന് കണ്ട് ഈശ്വരവാദിയായി മാറിയ ഒരു ശരാശരി മലയാളിയെ അവതരിപ്പിച്ച് വിജയിപ്പിച്ചതിന് ശ്രീനിവാസൻ അഭിനന്ദനമർഹിക്കുന്നു. വളരെ ചെറിയ സമയം മാത്രമേ സിനിമയിൽ പ്രത്യക്ഷപ്പെടുന്നുള്ളുവെങ്കിലും മനസ്സിൽ നിറഞ്ഞ് നിൽക്കുന്ന ഒരു കഥാപാത്രമാണ് ശ്രീനിവാസന്റേത്. ശ്രീനിവാസന്റെ കഥാപാത്രം ഇങ്ങനെയാണെങ്കിലും തിരക്കഥാകൃത്ത്, സൗന്ദര്യയെ ഒരു പ്രത്യേകഘട്ടത്തിൽ ദൈവവിശ്വാസമില്ലാത്തയാളാക്കി മാറ്റുന്നുമുണ്ട്. ഫ്ലാറ്റിൽ റാമിന്റെ റൂമിന്റെ തൊട്ടടുത്ത റൂമിൽ താമസിക്കുന്ന പെൺകുട്ടി വളരെ ശ്രദ്ധേയമായ ഒരു കഥാപാത്രമാണ്. ടെലിവിഷൻ ലഹരിയിലമരുന്ന മലയാളിയുടെ ഉത്തമോദാഹരണമാണ് ഈ കഥാപാത്രം. ആ കുട്ടിയുടെ സംസാരങ്ങളും രീതികളുമെല്ലാം ടി.വിയുടെ നേരിട്ടുള്ള സ്വാധീനത്തിൽ നിന്നും വരുന്ന പൈങ്കിളി രീതികൾ തന്നെ. ഡ്രൈവിംഗ് സ്കൂൾ നടത്തുന്ന പോളേട്ടനായി അഭിനയിച്ച ഇന്നസെന്റും തന്റെ ഭാഗം നന്നായി അവതരിപ്പിച്ചിട്ടുണ്ട്.

ഈ സിനിമയുടെ ഒരു പ്രത്യേകത ശ്രദ്ധിക്കാൻ കഴിഞ്ഞത് പാട്ട് രംഗങ്ങളിലെ അസ്വാഭാവികതയില്ലായ്മയാണ്. സ്വതവേ മലയാള ചിത്രങ്ങളിൽ കണ്ടുവരുന്ന ഒരു സമ്പ്രദായം, സന്ദർഭത്തിലും അല്ലാതെയുമൊക്കെ കടന്നുവരുന്ന പാട്ടുകളാണ് - അത് അശരീരിയാവാം, മരംചുറ്റലാവാം, ശോകരൂപിയാവാം. അതേസമയം, ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന രണ്ട് പാട്ടുകളിൽ ഒന്ന് ടേപ്പ് റിക്കാർഡറിൽ പാട്ട് വെച്ച് അതിനൊപ്പം നായകന്റെ അഭിനയരൂപത്തിലുള്ളതാണ്. പക്ഷെ പാട്ടിനൊപ്പമുള്ള ചില ദൃശ്യങ്ങൾ ടി.വി കണ്ട് ഒരു സ്വപ്നജീവിയായി മാറിയ പെൺകുട്ടിയുടെ ഭാവന മാത്രമാണ്. അങ്ങിനെയുള്ള ഒരു കുട്ടി അതിലും വലിയ സ്വപ്നങ്ങൾ കണ്ടില്ലെങ്കിൽ മാത്രമേ അത്ഭുതമുള്ളു. മറ്റൊരു പാട്ട് ഒരു ചടങ്ങിൽ നടക്കുന്ന ഗാനമേളയുടെ രൂപത്തിലുള്ളതാണ്. കൈതപ്രം-ജോൺസൺ ടീം ഒരുക്കിയിരിക്കുന്ന ഗാനങ്ങൾ ജയചന്ദ്രൻ, ചിത്ര എന്നിവർ ആലപിച്ചിരിക്കുന്നു. ഛായാഗ്രഹണത്തിന്റെ കാര്യത്തിൽ വലിയ സാധ്യതകളൊന്നുമില്ലാത്ത ഒരു സാധാരണ മലയാളചിത്രം തന്നെയാണ് ഇതും.

അവതരണത്തിലെ പുതുമയെന്ന അന്തിക്കാട്-ശ്രീനിവാസൻ സിനിമകളിലെ 'ടച്ച്' നിലനിർത്തിക്കൊണ്ടുപോകാൻ ഈ ചിത്രത്തിനായിട്ടില്ല. അവതാരങ്ങളുടെ വരവിന്റെയും, അന്യഭാഷാ ചിത്രങ്ങളുടെയും കുത്തൊഴുക്കിൽ തികച്ചും 'അപകടരഹിത'സിനിമയാണ് ഇത് എന്ന് അവകാശപ്പെടുന്നതിൽ തെറ്റില്ല. സത്യൻ അന്തിക്കാടിന്റെ 'കാസ്റ്റിംഗി'ലുള്ള മേന്മ ഈ ചിത്രത്തിലും എടുത്ത് കാണാൻ കഴിയും.

അതുകൊണ്ടുതന്നെ ഇടത്തരക്കാരന്റെ സൗഹൃദം പ്രണയമായി മാറുന്ന പ്രവണത തന്നെ പ്രമേയമാക്കി ഒരു മോശമല്ലാത്ത എന്നാൽ കൂടുതലായൊന്നും അവകാശപ്പെടാനില്ലാത്ത ഒരു സിനിമ സത്യൻ-ശ്രീനി കൂട്ടുകെട്ട് ഒരുക്കിയിരിക്കുന്നു.